**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 219** **23-01-2025 - ൽ മറുപടിയ്ക്ക്**

**108 ആംബുലൻസ് ജീവനക്കാരുടെ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 108 ആംബുലൻസ് ജീവനക്കാരുടെ ജോലിസമയം ദിവസം എത്ര മണിക്കൂർ ആയിട്ടാണ് നിജപ്പെടുത്തിയിരിക്കുന്നത് എന്ന് അറിയിക്കാമോ; പ്രസ്തുത ജീവനക്കാർക്ക് നിലവിൽ ആഴ്ചയിൽ നൽകിവരുന്ന അവധി ദിനങ്ങൾ എത്ര എന്ന് വ്യക്തമാക്കാമോ; | (എ) | കനിവ് 108 ആംബുലൻസ് പദ്ധതി ഒരു പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് (PPP) മോഡലിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനായി ഒരു ഇ ടെണ്ടർ വിളിക്കുകയും തത്ഫലമായി ജി.വി.കെ. ഇ.എം.ആർ.ഐ എന്ന കമ്പനി നടത്തിപ്പവകാശം നേടുകയും ചെയ്തു. ടെണ്ടർ വ്യവസ്ഥകൾ പ്രകാരം, വാഹനങ്ങൾ വാങ്ങിയും, വ്യവസ്ഥകൾ പ്രകാരമുള്ള ഉപകരണങ്ങൾ വാഹനങ്ങളിൽ ഘടിപ്പിച്ചും, ടെണ്ടർ പരാമർശ പ്രകാരം യോഗ്യതയുള്ള ജീവനക്കാരെ നിയമിച്ചും, വാഹനങ്ങളുടെ കേടുപാടുകൾ ഉൾപ്പെടെ എല്ലാം പരിഹരിച്ചും പ്രവർത്തനം നടത്തുന്നതിന് പ്രതിമാസം ഒരു നിശ്ചിത തുകയാണ് പ്രസ്തുത കമ്പനിക്ക് നല്കിവരുന്നത്. ടെണ്ടർ പ്രകാരം നിലവിൽ ബാധകമായ എല്ലാ ആനുകൂല്യങ്ങളും ജീവനക്കാർക്ക് നൽകേണ്ടതാണ്. ജീവനക്കാർ എല്ലാം തന്നെ ജി.വി.കെ. ഇ.എം.ആർ.ഐ എന്ന കമ്പനിയുടെ കീഴിൽ പ്രവർത്തിക്കുന്നവരാണ് . പ്രസ്തുത ജീവനക്കാർക്ക് കേരളത്തിൽ നിലവിലുള്ള എല്ലാ തൊഴിൽ നിയമങ്ങളും ബാധകമാണ്. പദ്ധതി നടത്തിപ്പ് കമ്പനി സംസ്ഥാനത്ത് നിലവിലുള്ള എല്ലാ തൊഴിൽ നിയമങ്ങളും പാലിച്ച് ജീവനക്കാരെ നിയമിച്ച് ടെണ്ടറിൽ പരാമർശിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമായി പ്രവർത്തിക്കണമെന്ന് പ്രസ്തുത കമ്പനിയുമായി കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ഏർപ്പെട്ടിരിക്കുന്ന കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | ജീവനക്കാരുടെ അപര്യാപ്തത മൂലം നിലവിലുള്ള ജീവനക്കാരിൽ അമിത ജോലിഭാരം ഏൽപ്പിക്കപ്പെടുന്ന സാഹചര്യത്തെ നേരിടുവാൻ | (ബി) | ജീവനക്കാരുടെ അപര്യാപ്തതമൂലം ജീവനക്കാരിൽ അമിത ജോലിഭാരം ഏല്പിക്കുന്നതിനെ സംബന്ധിച്ച പരാതികൾ സർക്കാരിൽ ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| | സർക്കാർ എന്തെങ്കിലും ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; | | |
| (സി) | നിർബന്ധമായി ജോലി ചെയ്യുവാൻ നിയോഗിക്കപ്പെടുന്ന ജീവനക്കാർ ചില അത്യാവശ്യ സന്ദർഭങ്ങളിൽ അസൗകര്യം അറിയിച്ചാൽ കാരണം കാണിക്കൽ നോട്ടീസ് അടക്കം നൽകി സമ്മർദ്ദത്തിലാക്കി പ്രസ്തുത കമ്പനി (ഹൈദരാബാദ് കമ്പനി) ജീവനക്കാരെ പീഡിപ്പിക്കുന്ന സാഹചര്യം അടക്കമുള്ള തൊഴിലാളി വിരുദ്ധമായ കമ്പനിയുടെ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തൊഴിലാളി വിരുദ്ധമായ ഈ സമീപനത്തെ നേരിടുവാൻ സർക്കാർ കൈ കൊണ്ട ക്രമീകരണങ്ങൾ വ്യക്തമാക്കുമോ; | (സി) | ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | രാത്രികാലങ്ങളിൽ സിംഗിൾ ഷിഫ്റ്റ് വാഹനങ്ങൾ, അതായത് 12 മണിക്കൂർ വാഹനങ്ങൾ സർവീസ് നടത്താത്തതിനാൽ അത്യാവശ്യ സന്ദർഭങ്ങളിൽ പലപ്പോഴും ആംബുലൻസ് ലഭിക്കാത്ത സാഹചര്യം പല മലയോര മേഖലകളിലും, ഗ്രാമീണ മേഖലകളിലും ഉള്ള ജനങ്ങൾക്ക് വലിയ പ്രയാസം ഉണ്ടാകുന്ന സാഹചര്യത്തിൽ പ്രസ്തുത വിഷയത്തെ നേരിടുവാൻ സർക്കാർ നടത്തിയിട്ടുള്ള ക്രമീകരണങ്ങൾ വിശദമാക്കാമോ; | (ഡി) | മലയോര മേഖലകളിൽ 24 മണിക്കൂർ സർവീസ് വാഹനങ്ങളുടെ അപര്യാപ്തതമൂലം പ്രയാസമുണ്ടായ ചില സാഹചര്യങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രശ്നങ്ങളെ നേരിടാനായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയിൽ ജില്ലാ മെഡിക്കൽ ഓഫീസർ (ഉപാദ്ധ്യക്ഷൻ), ജില്ലാ പ്രോഗ്രാം മാനേജർ (NHM) (കൺവീനർ), റീജിണൽ ട്രാൻസ്പോർട്ട് ഓഫീസർ, ജില്ലാ പോലീസ് മേധാവി, പ്രതിനിധി. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, പ്രതിനിധി (ജി.വി.കെ. ഇ.എം.ആർ.ഐ.) എന്നിവർ അംഗങ്ങളാണ്. അടിയന്തിര സാഹചര്യങ്ങളിൽ 12 മണിക്കൂർ സേവനം നടത്തുന്ന വാഹനങ്ങളെ 24 മണിക്കൂർ സേവനം നടത്തുന്ന വാഹനങ്ങളാക്കാനും, 24 മണിക്കൂർ സേവനം നടത്തുന്ന വാഹനങ്ങളെ 12 മണിക്കൂർ സേവനം നടത്തുന്ന വാഹനങ്ങളാക്കാനുമുള്ള അധികാരം പ്രസ്തുത കമ്മിറ്റിക്കുണ്ട്. |
| (ഇ) | എല്ലാ വർഷവും ജീവനക്കാർക്ക് നൽകേണ്ട ശമ്പള ഇൻക്രിമെന്റ് നിലവിൽ നൽകുന്നുണ്ടോ; | (ഇ) | പ്രസ്തുത ജീവനക്കാർ ജി.വി.കെ. ഇ.എം.ആർ.ഐ എന്ന കമ്പനിയുടെ കീഴിൽ ജോലി ചെയ്യുന്ന ജീവനക്കാരാണ്. കരാർ പ്രകാരം പ്രസ്തുത ജീവനക്കാരുടെ സേവന വേതന വ്യവസ്ഥയെ സംബന്ധിച്ചിട്ടുള്ള തീരുമാനം കമ്പനിയുടെ ഉത്തരവാദിത്വമാണ്. |
| (എഫ്) | ആംബുലൻസ് നഴ്സ് ആയി ജോലി ചെയ്യുന്ന വനിതാ ജീവനക്കാർക്ക് 12 മണിക്കൂർ ജോലി ചെയ്യേണ്ടി വരുന്നു എന്നും രാത്രി വാഹന സൗകര്യം ഇല്ലാത്ത പ്രദേശങ്ങളിൽ നിന്നും ജോലിക്ക് പ്രവേശിക്കുന്നവർ വലിയ പ്രയാസം അനുഭവിക്കുന്നു എന്നും പരാതി ഉയർന്ന സാഹചര്യത്തിൽ വനിതാ ജീവനക്കാർക്ക് | (എഫ്) | ആംബുലൻസിൽ നഴ്സായി ജോലി ചെയ്യുന്ന വനിതാ ജീവനക്കാർക്ക് 12 മണിക്കൂർ ജോലിക്ക് ശേഷം വാഹന സൗകര്യം ഇല്ലാത്ത പ്രദേശങ്ങളിൽ പ്രയാസം അനുഭവിക്കുന്നു എന്നുള്ള തരത്തിലുള്ള പരാതികൾ ലഭ്യമായിട്ടില്ല. ഇത്തരം സാഹചര്യം ഉണ്ടാകുന്ന പക്ഷം ആവശ്യമായ |

| | | | |
|---|---|---|---|
| | ആവശ്യമായ സുരക്ഷിതത്വം കമ്പനി നൽകുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ സർക്കാർ സ്വീകരിച്ച ക്രമീകരണങ്ങൾ വ്യക്തമാക്കാമോ; | | സഹായം ചെയ്തു നൽകേണ്ടത് കരാർ പ്രകാരം കമ്പനിയുടെ ഉത്തരവാദിത്വമാണ്. |
| (ജി) | പ്രസ്തുത ആംബുലൻസുകളിൽ ജോലി ചെയ്യുവാൻ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഇപ്പോൾ നിർബന്ധമാണോ; അല്ലെങ്കിൽ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ആവശ്യമാണ് എന്നുള്ള മാനദണ്ഡം ഒഴിവാക്കിയതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ? | (ജി) | 108 ആംബുലൻസുകളിൽ ജോലി ചെയ്യുവാൻ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ആവശ്യമാണ് എന്നുള്ള മാനദണ്ഡം ഒഴിവാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ